**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1265** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി പദ്ധതി പ്രകാരം പതിമൂന്ന് കോടി രൂപ നീക്കിവെച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ SPV ആയ KITCO കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**